SUNDAY 07-11-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -07/11/2021

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മുന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി പഴം പച്ചക്കറികൾ മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച് ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനുവേണ്ടി **താപനിയന്ത്രണ സൗകര്യമുള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി** പ്രകാരം പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4 ലക്ഷം രൂപ) ധനസഹായം നൽകുന്നു. സ്റ്റാർട്ട് അപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ / ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ /പഞ്ചായത്തുകൾ/ ഇക്കോഷോപ്പുകൾ/ഹോർട്ടികോർപ്പ് എന്നീ ഗുണഭോക്താക്കൾക്ക് 100 ശതമാനം (പരമാവധി 8 ലക്ഷം രൂപ) വരെ ധനസഹായം ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

2. സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ, വാക്സിനേഷനുകളും വിരമരുന്നു നൽകിയതും, ഉൽപാദനക്ഷമതയുള്ളതുമായ ഗ്രാമപ്രിയ മുട്ടക്കോഴികുഞ്ഞുങ്ങൾ 120 രൂപ നിരക്കിൽ ഈ മാസം 10 (10/11/2021) മുതൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0474 2663599** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന **'അടിയന്തിര രാത്രികാല വെറ്ററിനറി സേവനം'** എന്ന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി രാത്രി സമയങ്ങളിൽ കർഷകർക്ക് ആവശ്യമായ മൃഗചികിത്സ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സേവനങ്ങൾ നൽകുന്നതിനുവേണ്ടി വെറ്ററിനറി ഡോക്ടർമാരായി ജോലി ചെയ്യുവാൻ താൽപര്യമുള്ള തൊഴിൽരഹിതരായ യുവ വെറ്ററിനറി ബിരുദധാരികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ ഈ മാസം 8-ന് **(നവംബർ 8) രാവിലെ** 11 മണിയ്ക്ക് ബയോഡേറ്റയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് അവശ്യയോഗ്യതകൾ. വിശദ വിവരങ്ങൾ **0477-2252431** എന്ന നമ്പരിൽ ഓഫീസ് പ്രവർത്തി സമയങ്ങളിൽ ലഭ്യമാണ്.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സ് തുടങ്ങുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ നവംബർ 24-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. കൃഷി, സസ്യശാസ്ത്രം, അനുബന്ധവിഷയങ്ങൾ എന്നിവയിലേതിലെങ്കിലും ബിരുദമുള്ളവർ, റബ്ബർതോട്ടമേഖലയിൽ ജോലിചെയ്തുവരുന്ന സൂപ്പർവൈസർമാർ, ഫീൽഡ് ഓഫീസർമാർ; റബ്ബറുത്പാദകസംഘങ്ങൾ, അഗ്രി-ബിസിനസ് കമ്പനികൾ, കാർഷികസഹകരണസ്ഥാപനങ്ങൾ, കർഷകസംഘടനകൾ, കാർഷികസംരംഭങ്ങൾ, കാർഷികവസ്തുക്കളുടെ വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബിരുദധാരികൾ എന്നിവർക്കെല്ലാം കോഴ്സിൽ ചേരാം. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർക്ക് എൻ.ഐ.ആർ.റ്റി.-യുടെ **'ഓൺലൈൻ ആപ്ലിക്കേഷൻ സബ്മിഷൻ'** എന്ന പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ www.training.rubberboard.org.in എന്ന വെബ്സൈറ്റ് വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **23 മുതൽ 27** വരെ രാവിലെ 10.30 മണി മുതൽ **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം

സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7034215912, 9961533547, 0487 2960079** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കർഷകർക്കായി കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി-യിൽ വച്ച് ഈ മാസം 22,23 (നവംബർ 22,23) തീയതികളിൽ **കൂൺകൃഷി** എന്ന വിഷയത്തിലും 24,25 (നവംബർ 24,25) തീയതികളിൽ **കാർഷിക യന്ത്രവത്ക്കരണം** എന്ന വിഷയത്തിലും പരിശീലന പരിപാടി നടത്തുന്നു. താൽപ്പര്യമുള്ളവൽ ഈ മാസം 15-ന് മുമ്പായി **9497360649, 9447551954** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 15 പേർക്കായിരിക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം.

7. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 9-ന് (നവംബർ 9) **കോവിഡാനന്തര കേരളം - അതിജീവനം ക്ഷീരമേഖലയിലൂടെ** എന്ന വിഷയത്തിൽ ഉച്ചയ്ക്ക് 2 മണി മുതൽ ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481-2302223** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. തിരുവനന്തപുരം ജില്ലയിലെ കർഷകർക്ക് **വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ആട് വളർത്തലിൽ** പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ അതാത് പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഈ മാസം **10-ന്** (നവംബർ 10) മുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന 80 കർഷകർക്ക് പരിശീലനം നൽകുന്നതായിരിക്കും.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ** അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന; റബ്ബർബാൻഡ്, കൈയുറ, ഫോം റബ്ബർ, പശ, ബലൂൺ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം** എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം **നവംബർ 08 മുതൽ 12 വരെ** നടത്തും. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **0481 –2353201, 0481 – 2353127** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.